**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3121 — 11.12.2014 -ൽ മറുപടിക്ക്

## ആനയറ വേൾഡ് മാർക്കറ്റിനു സമീപം സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനു സമീപം ഫ്ലാറ്റ് നിർമ്മാണക്കമ്പനി സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ; വിശദാംശം നൽകാമോ; | (ബി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. കൈയ്യേറ്റം അളന്നുതിട്ടപ്പെടുത്തുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ടോ; | (സി) കൈയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) കടകംപള്ളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈയ്യേറ്റം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തിയശേഷം ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**